REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 21-10-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ സന്ദർശനത്തോട് അനുബന്ധിച്ച് തിരുവനന്തപുരത്തും ശബരിമലയിലും കർശന സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തി.**
- **പൊലീസ് സേനയുടെ ധീരതയേയും, ത്യാഗത്തേയും പൊലീസ് സ്മൃതി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിവാദ്യം ചെയ്തു.**
- **വികസനത്തിന്റെ പേരിൽ ആരും കുടി ഒഴിപ്പിക്കപ്പെടുന്നില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **കൊങ്കൺപാത വഴി ട്രെയിനുകളുടെ നോൺ മൺസൂൺ സമയക്രമം നിലവിൽ വന്നു.**
- **67-ാമത് സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് വൈകിട്ട് തിരുവനന്തപുരത്ത് തുടക്കമാകും.**

## വാർത്തകൾ വിശദമായി

നാല് ദിവസത്തെ കേരള സന്ദർശനത്തിന് രാഷ്ട്രപതി ദ്രൗപതി മുർമു വൈകിട്ട് തിരുവനന്തപുരത്തെത്തും. വിമാനത്താവളത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ ചേർന്ന് സ്വീകരിക്കും. രാഷ്ട്രപതിയുടെ സന്ദർശനത്തിനോടനുബന്ധിച്ച് കർശനമായ സുരക്ഷാ ഒരുക്കങ്ങളാണ് തലസ്ഥാനത്തും ശബരിമലയിലും ഏർപ്പെടുത്തിയിരിക്കുന്നത്. നാളെ തിരുവനന്തപുരത്തു നിന്നു നിലയ്ക്കലേക്കു ഹെലികോപ്ടറിൽ എത്തുന്ന രാഷ്ട്രപതി റോഡു മാർഗം പമ്പയിലെത്തും. പമ്പ ഗണപതി ക്ഷേത്രത്തിൽ ഇരുമുടിക്കെട്ടു നിറക്കും.

തുടർന്ന് പ്രത്യേക വാഹനത്തിൽ സന്നിധാനത്തേക്കു പോകും. നാളെ ഉച്ചയോടെയായിരിക്കും സന്നിധാനത്ത് എത്തിച്ചേരുക. ശബരിമലയിൽ നിന്നു തിരിച്ചെത്തിയ ശേഷം രാജ്ഭവനിലെ അത്താഴ വിരുന്നിലും പങ്കെടുക്കും.

മറ്റന്നാൾ രാവിലെ പത്തരയ്ക്ക് രാജ്ഭവൻ അങ്കണത്തിൽ മുൻ രാഷ്ട്രപതി KR നാരായണന്റെ അർദ്ധകായ പ്രതിമ ദ്രൗപതി മുർമു അനാച്ഛാദനം ചെയ്യും. തുടർന്ന് ഉച്ചയ്ക്ക് വർക്കലയിലെ ശിവഗിരി മഠത്തിൽ ശ്രീനാരായണ ഗുരു മഹാസമാധി ശതാബ്ദി ആചരണം അവർ ഉദ്ഘാടനം ചെയ്യും. വൈകിട്ട് പാലാ സെന്റ് തോമസ് കോളേജ് പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപന ചടങ്ങിലും ദ്രൗപതി മുർമു പങ്കെടുക്കും. പിന്നീട് കുമരകത്തേക്ക് പോകുന്ന രാഷ്ട്രപതി റിസോർട്ടിൽ വിശ്രമിക്കും.

വെള്ളിയാഴ്ച ഉച്ചയ്ക്ക് എറണാകുളം സെന്റ് തെരേസാസ് കോളജിന്റെ ശതാബ്ദി ആഘോഷത്തിലും രാഷ്ട്രപതി പങ്കെടുക്കും. വൈകിട്ട് നാലേ കാലോടെ നെടുമ്പാശ്ശേരിയിൽ നിന്ന് അവർ ഡൽഹിയിലേക്ക് മടങ്ങും.

✪✪✪

രാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് ശബരിമലയിൽ ഇന്നും, നാളെയും നിയന്ത്രണമേർപ്പെടുത്തി. നാളെ ഭക്തർക്ക് വെർച്വൽ ക്യൂ പ്രകാരം ദർശനം ഉണ്ടായിരിക്കില്ല. ഇന്ന് 12,500 പേർക്ക് മാത്രമാണ് ദർശനത്തിന് അനുമതി നൽകിയിരിക്കുന്നത്. ഉച്ചകഴിഞ്ഞ് സന്നിധാനത്ത് നിന്ന് ഭക്തർ മലയിറങ്ങണം. ഇന്ന് തിരുവനന്തപുരം നഗരത്തിലും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

✪✪✪

പൊലീസ് സ്മൃതിദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പൊലീസ് സേനയുടെ ധീരതയെയും സേവനപാതയിൽ അവരുടെ ത്യാഗത്തെയും അഭിവാദ്യം ചെയ്തു. പൊലീസ് സേനയുടെ ദൃഢമായ സമർപ്പണമാണ് രാജ്യത്തെയും ജനങ്ങളെയും സുരക്ഷിതമായി നിർത്തുന്നതെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഏതൊരു സമൂഹത്തിനും, ശക്തമായ സുരക്ഷ, നീതി, വിശ്വാസം എന്നിവയിലൂടെ മാത്രമേ സമാധാനത്തിലേക്കും പുരോഗതിയിലേക്കും നീങ്ങാൻ കഴിയൂ എന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. പൊലീസ് സ്മൃതിദിനത്തിൽ ന്യൂഡൽഹിയിലെ ദേശീയ പൊലീസ് സ്മാരകത്തിൽ രക്തസാക്ഷികൾക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയായിരുന്നു അദ്ദേഹം.

രാജ്യത്തിന്റെ അഖണ്ഡത സംരക്ഷിച്ച ഉദ്യോഗസ്ഥരെ രാജ്യരക്ഷാ മന്ത്രി പ്രശംസിച്ചു.

സമൂഹം പൊലീസുമായി സഹകരിക്കുകയും നിയമത്തെ ബഹുമാനിക്കുകയും ചെയ്യുമ്പോൾ മാത്രമേ പൊലീസിന് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയൂ എന്നും രാജ്നാഥ് സിംഗ് പറഞ്ഞു. ബാഹ്യസുരക്ഷയ്ക്ക് സായുധസേനയും തീരസംരക്ഷണ സേനയും ഉണ്ട്. എന്നാൽ രഹസ്യാന്വേഷണ ഏജൻസികളുമായി ഏകോപിച്ച് ആഭ്യന്തര സുരക്ഷ നിലനിർത്തുന്നത് പൊലീസ് ഉദ്യോഗസ്ഥരാണെന്നും രാജ്യരക്ഷാ മന്ത്രി അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി സെപ്റ്റംബർ 22 ന് പ്രഖ്യാപിച്ച GST ബചത് ഉത്സവ് സമൂഹത്തിൽ എല്ലാ വിഭാഗങ്ങൾക്കും ഗുണപ്രദമായി മാറിക്കഴിഞ്ഞു. രാജ്യത്തെ വാഹന വ്യവസായ മേഖലയിൽ GST നിരക്കിളവ് വരുത്തിയ ഗുണഫലങ്ങൾ ഏറെയാണ്. വാഹന നിർമ്മാണ മേഖലയിലെ GST ഇളവ് പ്രകടമായ മാറ്റങ്ങളാണ് ഉണ്ടാക്കിയിരിക്കുന്നത്. 1800 CC യിൽ കുറഞ്ഞ ട്രാക്ടറുകൾക്ക് GST അഞ്ച് ശതമാനമാക്കി. 1800 CCക്ക് മുകളിൽ ഇത് 18 ശതമാനമാണ്. ട്രാക്ടർ ഭാഗങ്ങളായ ടയർ, ഗിയർ, അടക്കം സ്പെയർ പാർട്സുകൾക്കും അഞ്ച് ശതമാനമാണ് GST.

നേരത്തെ 28 ശതമാനമായിരുന്ന ലോറി, ബസ് എന്നിവയുടെ GST 18 ശതമാനമാക്കിയാണ് കുറച്ചത്. ട്രക്ക്, ഡെലിവറി വാൻ, എന്നിവക്കും ഇതിന്റെ ആനുകൂല്യം ലഭിക്കുന്നുണ്ട്. കാറുകളുടേയും ബൈക്കുകളുടേയും ഘടക ഭാഗങ്ങൾക്കും GST 18 ശതമാനമാക്കി.

✪✪✪

പാക് ചാരസംഘടനയായ ISI യുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന രണ്ട് തീവ്രവാദികളെ പഞ്ചാബ് പൊലീസ് അമൃത് സറിൽ നിന്ന് അറസ്റ്റ് ചെയ്തു. ഇവരിൽ നിന്ന് റോക്കറ്റ് ലോഞ്ചറും പ്രൊപ്പൽഡ് ഗ്രനേഡും പിടിച്ചെടുത്തു. പഞ്ചാബിൽ ഭീകരാക്രമണം ലക്ഷ്യമിട്ടാണ് ഇവരെത്തിയതെന്ന് പൊലീസ് അധികൃതർ അറിയിച്ചു.

✪✪✪

വികസനത്തിന്റെ പേരിൽ ആരും കുടി ഒഴിപ്പിക്കപ്പെടുന്നില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. അത്യാധുനിക സംവിധാനങ്ങളോടെ കോഴിക്കോട് കല്ലുത്താൻ കടവിൽ നിർമ്മിച്ച 'ന്യൂ പാളയം വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് മാർക്കറ്റ്' നാടിന് സമർപ്പിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. കല്ലുത്താൻകടവിൽ താമസിച്ചിരുന്ന കുടുംബങ്ങളെ ഫ്ലാറ്റുകളിൽ

പുനരധിവസിപ്പിച്ച ശേഷമാണ് നിർമ്മാണപ്രവർത്തനം തുടങ്ങിയതെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

പുതിയ മാർക്കറ്റ് സമുച്ചയം പല തലങ്ങളിലുംപെട്ട ആളുകൾക്ക് ഗുണകരമാണ്. എന്നാൽ എല്ലാ കാര്യങ്ങളേയും പ്രതിപക്ഷം എതിർക്കുകയാണെന്ന് മുഖ്യമന്ത്രി കുറ്റപ്പെടുത്തി. കൺമുമ്പിലെ നേട്ടങ്ങൾ കണ്ടില്ലെന്ന് നടിക്കുന്നവരെ ജനങ്ങൾ തിരിച്ചറിയുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. സമുച്ചയത്തിലെ മൾട്ടി ലെവൽ മാർക്കറ്റ് മന്ത്രി MB രാജേഷും, ഹോൾസെയിൽ ആൻഡ് ഓപ്പൺ മാർക്കറ്റ് മന്ത്രി PA മുഹമ്മദ് റിയാസും ഉദ്ഘാടനം ചെയ്തു.

മറ്റൊരു ചടങ്ങിൽ PV സാമി മെമ്മോറിയൽ പുരസ്ക്കാരം മുഖ്യമന്ത്രി പിണറായി വിജയൻ K മാധവന് സമ്മാനിച്ചു.

✪✪✪

കോഴിക്കോട് പാളയത്തു നിന്ന് കല്ലുത്താൻകടവിലേക്ക് പച്ചക്കറി മാർക്കറ്റ് മാറ്റാൻ എടുത്ത തീരുമാനത്തിനെതിരെ ഒരു വിഭാഗം വ്യാപാരികളും തൊഴിലാളികളും പ്രതിഷേധം സംഘടിപ്പിച്ചു. പാളയം മാർക്കറ്റ് അവിടെ തന്നെ നിലനിർത്തണം എന്ന് ആവശ്യപ്പെട്ടായിരുന്നു പ്രതിഷേധം.

✪✪✪

കേന്ദ്ര ഗവൺമെന്റിന്റെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് നഗരസഭ സ്ഥാപിക്കുന്ന ശൗചാലയ മാലിന്യ സംസ്കരണ പ്ലാന്റ് ഉത്ഘാടനത്തിനൊരുങ്ങുന്നു.ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിൽ നടപ്പാക്കുന്ന ആദ്യ സംസ്കരണ പ്ലാന്റാണ് ഇത്. ഉദ്ഘാടനം ഈ മാസം 27 ന് നടത്തും.

✪✪✪

KPCC പുതിയ ഭാരവാഹികളുടെ യോഗം മറ്റന്നാൾ തിരുവനന്തപുരത്ത് ചേരും. പുതിയ വൈസ് പ്രസിഡണ്ടുമാരും, ജനറൽ സെക്രട്ടറിമാരും, ട്രഷററും യോഗത്തിൽ പങ്കെടുക്കും. തദ്ദേശ തിരഞ്ഞെടുപ്പിന്റെ ഭാഗമായി ഭാരവാഹികളുടെ ചുമതല നിശ്ചയിക്കലാണ് പ്രധാന അജണ്ട. യൂത്ത് കോൺഗ്രസിന്റെ പുതിയ പ്രസിഡണ്ടും, വർക്കിംഗ് പ്രസിഡണ്ടും ബുധനാഴ്ച ചുമതലയേൽക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26 ന് രാവിലെ പതിനൊന്നിന് ആകാശവാണി നിലയങ്ങൾ പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിലേക്ക് ആശയങ്ങളും, അഭിപ്രായങ്ങളും ഈ മാസം 24 വരെ പങ്കുവയ്ക്കാം. മൻ കി ബാത്തിന്റെ 127-ാം പതിപ്പാണിത്.

✪✪✪

കൊങ്കൺപാത വഴി ട്രെയിനുകളുടെ നോൺ മൺസൂൺ സമയക്രമം നിലവിൽ വന്നു. മംഗള, നേത്രാവതി, മത്സ്യഗന്ധ അടക്കം ട്രെയിനുകളുടെ സർവീസിൽ മണിക്കൂറുകളുടെ മാറ്റം ഉണ്ടാകും. എന്നാൽ ഓഖ, വരാവൽ എക്സ്പ്രസ് ഉൾപ്പെടെ കേരളത്തിൽ നിന്ന് ഗുജറാത്ത്, രാജസ്ഥാൻ തുടങ്ങിയ സ്ഥലങ്ങളിലേക്ക് പോകുന്ന ട്രെയിനുകളുടെ സമയം കേരളത്തിനുള്ളിൽ മാറില്ല. മംഗലൂരു മുതൽ കൊങ്കൺ പാതയിൽ സമയം മാറും. വണ്ടികളുടെ വേഗം 110 മുതൽ 120 കിലോമീറ്ററായി വർദ്ധിക്കുകയും ചെയ്തു.

ട്രെയിൻ സമയമാറ്റം നാഷണൽ ട്രെയിൻ എൻക്വയറീസ് സിസ്റ്റം ആപ്പ് വഴിയോ, വെബ്സൈറ്റോ വഴിയോ അറിയാം. ഇന്നു മുതൽ ജൂൺ 15 വരെയാണ് സമയമാറ്റം.

✪✪✪

സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് കണ്ണൂർ, കാസർകോട് ഒഴികെ ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

വെള്ളിയാഴ്ച വരെ കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് നിർദ്ദേശം നൽകി. കണ്ണൂർ ചെറുപുഴയിൽ ഇന്നലെ വൈകുന്നേരം മുതൽ പെയ്ത കനത്ത മഴയിൽ വലിയ നാശനഷ്ടം ഉണ്ടായി. പ്രാപ്പൊയിൽ, തിരുമേനി എന്നിവിടങ്ങളിൽ വീടുകളിൽ വെള്ളം കയറി. തോടുകളും പുഴകളും കരകവിഞ്ഞു

✪✪✪

കഴിഞ്ഞ ദിവസങ്ങളിൽ തുടർച്ചയായുണ്ടായ കനത്ത മഴയിൽ ഇടുക്കിയിലെ ഡാമുകളിൽ ജലനിരപ്പ് ഉയർന്ന നിലയിലെത്തി. ശക്തമായ നീരാഴുക്ക് തുടരുന്നതിനാൽ പ്രധാന ഡാമുകളായ മുല്ലപ്പെരിയാറിലും ഇടുക്കിയിലും ജലനിരപ്പ് ക്രമേണ വർദ്ധിക്കുന്നുണ്ട്. മുല്ലപ്പെരിയാർ ഉൾപ്പെടെ ഇടുക്കിയിലെ ഏഴ് ഡാമുകൾ തുറന്ന് വിട്ടിരിക്കുകയാണ്.

✪✪✪

67-ാമത് സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് വൈകിട്ട് തിരുവനന്തപുരത്ത് തുടക്കമാകും. യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ കായിക മേള ഉദ്ഘാടനം ചെയ്യും.

ഈ മാസം 28 വരെയാണ് ഒളിമ്പിക്സ് മാതൃകയിൽ രണ്ടാമത് കായികമേള സംഘടിപ്പിക്കുന്നത്.

രെജു കോലിയക്കോടിന്റെ റിപ്പോർട്ട്.....

.......വോയ്സ്..........

ഇന്ന് വൈകുന്നേരം കായികതാരങ്ങളുടെ മാർച്ച് പാസ്റ്റിനു ശേഷം ഫുട്ബോൾ താരം ഐ.എം വിജയൻ, മന്ത്രി വി.ശിവൻകുട്ടിയ്ക്കൊപ്പം ദീപശിഖ കൊളുത്തുന്നതോടെ 67ആമത് സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് തുടക്കമാകും.പ്രതിപക്ഷ നേതാവ്, മന്ത്രിമാർ, എം.പിമാർ, എം.എൽ.എമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. ഉദ്ഘാടന ചടങ്ങിന് ശേഷം വിവിധ കലാപരിപാടികൾ അരങ്ങേറും.12 വേദികളിലായി ഇരുപതിനായിരത്തിലധികം താരങ്ങൾ മേളയിൽ പങ്കെടുക്കും.

ഗൾഫ് മേഖലയിൽ പഠിക്കുന്ന 35 കുട്ടികൾ കായിക മേളയിൽ പങ്കെടുക്കും.ഇതിൽ 12 പേർ പെൺകുട്ടികളാണ്.ആയിരത്തോളം ഒഫീഷ്യൽസും രണ്ടായിരത്തോളം വോളന്റിയേഴ്സും കായിക മേളയുടെ ഭാഗമാകും.

പുത്തരിക്കണ്ടം മൈതാനത്ത് രണ്ടായിരത്തി അഞ്ഞൂറോളം പേർക്ക് ഒരേ സമയം ഇരുന്ന് ഭക്ഷണം കഴിക്കാൻ സൗകര്യമുള്ള വിപുലമായ ഭക്ഷണശാലയും ഒരുക്കിയിട്ടുണ്ട്.പഴയിടം മോഹനൻ നമ്പൂതിരിയുടെ നേതൃത്വത്തിലാണ് ഭക്ഷണപുരയുടെ പ്രവർത്തനം.കായികതാരങ്ങൾക്ക് വേദികളിലേക്ക് യാത്ര ചെയ്യാനായി 142 ബസുകളും സജ്ജമാക്കിയിട്ടുണ്ട്.

കായികമേളയോടനുബന്ധിച്ച് നഗരത്തിൽ ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് മുഖ്യമന്ത്രിയുടെ പേരിലുള്ള സ്വർണ്ണക്കപ്പാണ് ഇത്തവണ നൽകുന്നത്.

ക്രിക്കറ്റ് താരം സഞ്ജു സാംസൺ മേളയുടെ ബ്രാന്റ് അംബാസഡറും ചലച്ചിത്ര താരം കീർത്തി സുരേഷ് മേളയുടെ ഗുഡ്വിൽ അംബാസഡറും ആണ്.

✪✪✪

66-ാമത് പൊലീസ് സ്മൃതി ദിനാചരണത്തിന്റെ ഭാഗമായി കണ്ണൂർ സിറ്റി പൊലീസിന്റെ 6.6 കിലോമീറ്റർ മാരത്തോണിൽ പുരുഷ വിഭാഗത്തിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ അതുലും, വനിതാ വിഭാഗത്തിൽ മലബാർ സ്പോർട്സ് അക്കാദമിയിലെ ശ്രീനന്ദയും, ജേതാക്കളായി. കണ്ണൂർ റേഞ്ച് DIG യതീഷ് ചന്ദ്ര വിജയികൾക്ക് ക്യാഷ് പ്രൈസ് സമ്മാനിച്ചു.

✪✪✪

ICC വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് പാകിസ്ഥാൻ, ദക്ഷിണാഫ്രിക്കയെ കൊളംബോയിൽ നേരിടും. വൈകിട്ട് മൂന്നിനാണ് മത്സരം.

✪✪✪

കണ്ണൂർ ആറളം ഫാമിൽ കാട്ടാനകളുടെ ആക്രമണം വീണ്ടും രൂക്ഷമാകുന്നു. കാർഷികവിളകൾക്ക് വലിയ തോതിൽ നാശനഷ്ടം ഉണ്ടായിട്ടുണ്ട്.

കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ...

..........വോയ്സ്......

കഴിഞ്ഞദിവസം പുനരധിവാസ മേഖലയിൽ ഇറങ്ങിയ കാട്ടാന വ്യാപകമായ കൃഷിനാശം വരുത്തി കൂട്ടുപുഴ കല്ലന്തോടും ആറളം ഫാമിലും കാട്ടാന ഇറങ്ങുകയുണ്ടായി. ഫാമിന്റെ ഒന്ന്, രണ്ട് ബ്ലോക്കുകളിലാ യി 20 തെങ്ങുകളാണ് കു ത്തിവീഴ്ത്തിയത്. ഒരാഴ്ചയ്ക്കിട യിൽ ഫാമിലെ 200-ഓളം തെ ങ്ങുകൾ കാട്ടാന നശിപ്പിച്ചിട്ടു ണ്ട്. ഫാം ബ്ലോക്ക് 10-ൽ കുടി വെള്ളം ശേഖരിക്കാൻ പോയ ദമ്പതിമാർ കാട്ടാനയുടെ മുന്നിൽ നിന്ന് അത്ഭുതകരമായാണ് രക്ഷപ്പെട്ടത്. ആന ഇവരെ ഓടിച്ചതായും പറയപ്പെടുന്നു. കർണാടക ബ്രഹ്മഗിരി വന്യജീവി സങ്കേത ത്തിൽനിന്ന് ഇറങ്ങിയ ആന യാണ് കൃഷിയി ടത്തിലെത്തുന്നത്.. ഒരാഴ്ച മുൻപ് വന്യജീ വി സങ്കേതത്തിൽനിന്ന് ഇറ ങ്ങിയ ആന അന്തസ്സം സ്ഥാ ന പാതയിലെ കൂട്ടുപുഴ പാല ത്തിൽ നിലയുറപ്പിച്ചതിന തുടർന്ന് മണിക്കൂറുകളോളം ഗതാഗത തടസ്സം ഉണ്ടായി.

✪✪✪

News Editor & News Reader : വി കെ സുരേഷ്
NRTs: അനിൽചന്ദ്രൻ, പ്രവീൺ,
DEO: സി കെ സുബോധ്